**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 151** **04-10-2021 - ൽ മറുപടിയ്ക്ക്**

**മലബാർ കാൻസർ സെന്ററിലെ നേഴ്സിംഗ് കോളേജിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി മണ്ഡലത്തിലെ മലബാർ കാൻസർ സെന്ററിലുള്ള നേഴ്സിംഗ് കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | തലശ്ശേരിയിലുള്ള മലബാർ ക്യാൻസർ സെന്ററിന്റെ ഭാഗമായുള്ള നേഴ്സിംഗ് കോളേജിന്റെ നിർമ്മാണത്തിനായി 2012 ൽ 850 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2015 ൽ കൺസൾട്ടന്റ് ആയി ചുമതലപ്പെടുത്തിയ ഉൗരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഒാപ്പറേറ്റീവ് സൊസൈറ്റി 20 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ലഭ്യമായ ഫണ്ട് ഉപയോഗിച്ച് ഒന്നാം ഘട്ടം പൂർത്തിയാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 3888.14 ച.മീറ്റർ വിസ്തൃതിയിൽ രണ്ടു നിലകളിലായുള്ള കെട്ടിടത്തിന്റെ പ്രവൃത്തികൾ 2017 ൽ പൂർത്തിയാക്കി 2018 മുതൽ പ്രവർത്തനം നടന്ന് വരുന്നു. മേൽ കെട്ടിടത്തിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽപ്പെടുത്തി 09.08.2021 ൽ 200 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണപ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുമോ? | (ബി) | രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഒാപ്പറേറ്റീവ് സൊസൈറ്റി മുഖേന നടപ്പാക്കുന്നതിന് മലബാർ ക്യാൻസർ സെന്റർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ